**കേരളകാർഷിക സർവ്വകലാശാല**

**കശുമാങ്ങ ഗവേഷണ കേന്ദ്രം,മാടക്കത്തറ**

**പുനർ ക്വട്ടേഷൻ നോട്ടീസ്**

**സി.ആർ.എം(അക്കൗ) 1/2023** **തിയ്യതി - 29/05/2023**

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ കശുമാങ്ങ സംസ്ക്കരണ യൂണിറ്റിലേക്ക് ഡിസംബർ വരെയുള്ള കാലയളവിൽ കശുമാങ്ങ ഉൽപ്പന്നങ്ങൾ ഔദ്യോഗിക നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആവ ശ്യാനുസരണം ഉണ്ടാക്കി തരുന്നതിന് വ്യക്തികളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നു.

**ക്വട്ടേഷൻ തിയ്യതി- 05/06/2023, 2.30 PM**

വ്യവസ്ഥകൾ

1. ആവശ്യപ്പെടുന്ന സമയപരിധിക്കുള്ളിൽ നിർബന്ധമായും ജോലികൾ ചെയ്ത് തരേണ്ടതാണ്.
2. ഉൽപന്നങ്ങളുടെ നിയമാനുസൃതമായ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായുള്ള ഉത്തരവാദിത്തം ഇതിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് ഉണ്ടായിരിക്കണം.
3. ഒരു വ്യക്തിക്ക് ഒരു ദിവസത്തേക്കുള്ള നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
4. ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് അടക്കേണ്ട ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കുന്നതാണ്. ഇതിനു പുറമെ മറ്റേതെങ്കിലും നികുതികൾ അടക്കേണ്ടതുണ്ടെങ്കിൽ, അത് കരാറുകാരൻ തന്നെ അടക്കേണ്ടതാണ്.
5. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ പ്രതിഫലം തടഞ്ഞുവെക്കുവാനും ക്വട്ടേഷൻ റദ്ദാക്കുവാനും സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുവാനും ഗവേഷണ കേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.
6. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും, കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.
7. ഈ ക്വട്ടേഷൻ പ്രകാരം പ്രസ്തുത പ്രവർത്തികൾ ചെയ്തു തന്നതിന്റെ പേരിൽ സർവ്വകലാശാലയിലെ യാതൊരു വിധ നിയമനത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.
8. മുദ്രവെച്ച ക്വട്ടേഷനുകൾ **05/06/2023** തിയ്യതി ഉച്ചയ്ക്ക് **2.00** മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. പാൻ കാർഡ്, ആധാർ കാർഡ്, ഹെൽത്ത് കാർഡ് എന്നിവ സമർപ്പിക്കേണ്ടതാണ്.
9. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും, മേൽവിലാസവും ജോലിയുടെ പേര് കവറിന് പുറത്ത് എഴുതണം. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി **1000/-** രൂപ ഓഫീസിൽ അടക്കേണ്ടതാണ്.
10. ക്വട്ടേഷനുകൾ 05/06/2023 ന് ഉച്ചയ്ക്ക് 2.30 ന് തൽസമയം സന്നിഹിതരായ കരാറുകാരുടെ മുന്നിൽ വച്ച് തുറക്കുന്നതാണ്.
11. മേൽ പറഞ്ഞിരിക്കുന്ന പ്രവർത്തികൾക്ക് ക്വട്ടേഷൻ ലഭിച്ചു കഴിഞ്ഞാൽ **2000/-** രൂപ സെക്യൂരിറ്റി നിക്ഷേപമായി അടച്ച്, അനുവദിച്ചിട്ടുള്ള പ്രവർത്തികൾ കരാർ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്ന് 200 രൂപയുടെ മുദ്ര പത്രത്തിൽ എഴുതിയ സമ്മതപത്രത്തോടൊപ്പം 12/06/2023 നകം നൽകേണ്ടതാണ്.
12. സെക്യൂരിറ്റി തുക അടക്കുകയും സമ്മതപത്രം സമർപ്പിക്കുകയും ചെയ്താൽ മാത്രമേ കരാർ പ്രവർത്തികൾ തുടങ്ങുവാൻ അനുവദിക്കുകയുള്ളൂ.
13. ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഗവേഷണകേന്ദ്രം മേധാവി

Assistant Professor & Head i/c
Cashew Research Station
Kerala Agricultural University
Madakkathara P.O., Thrissur-680 651

1. നോട്ടീസ് ബോർഡ്
2. " ഹോർട്ടിക്കൾച്ചർ കോളേജ്,വെള്ളാനിക്കര
3. " കാർഷിക ഗവേഷണ കേന്ദ്രം,മണ്ണുത്തി
4. " ഗ്രാമ പഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
5. " കൃഷി ഭവൻ,ഒല്ലൂക്കര
6. " വില്ലേജ് ഓഫീസ്,വെള്ളാനിക്കര & മാടക്കത്തറ
7. " കെ.എ.യു വെബ്സൈറ്റ്

CASHEW RESEARCH STATION MADAKKATHARA